**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4039** **27-10-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ ടേക്ക് എ ബ്രേക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **Shri M. V. Govindan Master (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ പൊതു ശുചിമുറികളും വിശ്രമ കേന്ദ്രങ്ങളും നിർമ്മിക്കുന്ന ടേക്ക് എ ബ്രേക്ക്പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതിന് എത്ര രൂപ വീതമാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്; അറിയിക്കുമോ; | (എ) | കേരളത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് ബഹു. കേരള മുഖ്യമന്ത്രിയുടെ 12 ഇന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "ടേക്ക് എ ബ്രേക്ക്" പൊതു ശുചിമുറി സമുച്ചയ നിർമ്മാണ പദ്ധതി. ദേശീയ-സംസ്ഥാന പാതയോരങ്ങളിലും, ട്രാൻസ്പോർട്ട് ബസ്സ് സ്റ്റേഷനുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ തുടങ്ങി ജനങ്ങൾ ഒരുമിച്ചെത്തുന്ന പ്രദേശങ്ങളിൽ ഏതുസമയത്തും സ്ത്രീകൾക്കും കുട്ടികൾക്കുമുൾപ്പടെ സുരക്ഷിതമായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ ശുചിമുറി സമുച്ചയങ്ങളും കോഫിഷോപ്പോട്ടു കൂടിയ ഉന്നത നിലവാരമുള്ള വിശ്രമ കേന്ദ്രങ്ങളും നിർമ്മിക്കുന്നതാണ് ഈ പദ്ധതി. ഗ്രാമപഞ്ചായത്തുകളിൽ ഏറ്റവും കുറഞ്ഞത് രണ്ട് എണ്ണം, നഗരസഭകളിൽ അഞ്ചും കോർപ്പറേഷനുകളിൽ എട്ടെണ്ണം വീതവുമായി ആകെ 2365 ശുചിമുറി സമുച്ചയങ്ങൾ ഘട്ടംഘട്ടമായി നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ പണി പൂർത്തീകരിച്ച 100 ശുചിമുറി സമുച്ചയങ്ങളുടെ ഉദ്ഘാടനം നടത്തി കഴിഞ്ഞ വർഷം നാടിന് സമർപ്പിച്ചിരുന്നു. ആയതിന്റെ രണ്ടാം ഘട്ടമായി പണി പൂർത്തീകരിച്ച 118 ശുചിമുറി സമുച്ചയങ്ങളുടെ പണി പൂർത്തിയാക്കുകയും ആയതിന്റെ സംസ്ഥാനതല ഉദ്ഘാടനം 07.09.2021 ന് നിർവഹിക്കുകയും ചെയ്തു. പദ്ധതി നിർവ്വഹണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 1.16,61,22,651/- രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | കോഴിക്കോട് ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് ഇത്തരം വിശ്രമകേന്ദ്രങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ച് പൊതുജനങ്ങൾക്കായി തുറന്ന് കൊടുത്തിട്ടുള്ളത്; | (ബി) | വടകര മുനിസിപ്പാലിറ്റി, പനങ്ങാട് ഗ്രാമ പഞ്ചായത്ത് (2 എണ്ണം), പുതുപ്പാടി ഗ്രാമ പഞ്ചായത്ത്, രാമനാട്ടുകര ഗ്രാമ പഞ്ചായത്ത്, |

| | | | |
|---|---|---|---|
| | | | കാവിലുംപാറ ഗ്രാമ പഞ്ചായത്ത്, വളയം ഗ്രാമ പഞ്ചായത്ത് |
| (സി) | പ്രസ്തുത ജില്ലയിലെ പെരുവയൽ ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ച ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രത്തിന് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; ഇത് സ്ഥാപിക്കുന്നത് സംബന്ധിച്ച് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്ര നിർമ്മാണത്തിനായി 12,60,000/- രൂപയും കെട്ടിടം പൂർത്തീകരണത്തിനായി 6,48,289/- രൂപയും 2020-21 സാമ്പത്തിക വർഷത്തിൽ 2,00,000/- രൂപയും അടക്കം 21,44,289/- രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഭരണ സമിതി തീരുമാനമെടുത്തിട്ടുണ്ട് (തീരുമാനം നം.3(1) തീയതി 16.10.2021.) |
| (ഡി) | പ്രസ്തുത പദ്ധതി സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് നിഷ്കർഷിച്ച നിർദ്ദേശങ്ങൾ പാലിച്ചാണോ ടി വിശ്രമകേന്ദ്രം സ്ഥാപിച്ചതെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | പരിശോധിച്ചിട്ടുണ്ട്. ദേശീയ സംസ്ഥാന പാതകൾ പഞ്ചായത്തിൽ ഇല്ലാത്തതിനാൽ പഞ്ചായത്തിന്റെ അധീനതയിൽ ഉള്ളതും പൊതുജനങ്ങൾ ധാരാളമായി വരുന്നതുമായ പാതയോരങ്ങളിൽ വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്ത് റോഡിൽ നിന്നും 30 മീറ്റർ ദൂരത്തിൽ പഞ്ചായത്തിന്റെ പ്രാഥമികാ-രോഗ്യകേന്ദ്രം, വെറ്റിനറി ഡിസ്പെൻസറി, പഞ്ചായത്ത് ഗ്രൗണ്ട് എന്നിവയ്ക്ക് അടുത്തായി ഭരണസമിതി തീരുമാനപ്രകാരം പൊതു ശുചിമുറികളും വിശ്രമ കേന്ദ്രവും ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തുകയും നിർമ്മാണം നടത്തുകയുമാണ് ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ